## പതിനാലാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2028** **11.03.2020-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ ആഘാതം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി

**ചോദ്യം** **മറുപടി**

**ശ്രീ.മുഹമ്മദ് മുഹസിൻ പി.** **ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനം, ജി.എസ്.ടി. ഇടങ്ങിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് സൃഷ്ടിച്ചിട്ടുള്ള ആഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ തുടങ്ങിയ ചരക്ക് സേവന നികുതിയും രാജ്യത്ത് നിലവിൽ പ്രകടമായിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ മൂലകാരണങ്ങളാണ്. മേൽ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലെ പരമ്പരാഗത, ചെറുകിട, കൃഷി, വ്യവസായ, വിനോദസഞ്ചാര അസംഘടിത മേഖലകളിലടക്കം എല്ലാ മേഖലകളിലും അപരിഹാര്യമായ ആഘാതങ്ങൾക്ക് ഹേതുവായിട്ടുണ്ട്. സാമ്പത്തിക വളർച്ച, തൊഴിൽ നിരക്ക്, നിക്ഷേപം അടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ നിലവിലെ പ്രതിസന്ധി ദൃശ്യമാണ്. കേന്ദ്ര സർക്കാർ നയങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് സർക്കാർ ചെലവുകൾ വർദ്ധിപ്പിച്ച ഉപഭോഗം ഉത്തേജിപ്പിക്കുകയെന്ന ക്രിയാത്മക പോംവഴിക്ക് തടസ്സമായി തീർന്നിട്ടുണ്ട്. |
| (ബി) | ഈ പരിഷ്കാരങ്ങൾ മൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വന്നിട്ടുള്ള കുറവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാർ | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഉണ്ടാക്കിയിട്ടുള്ള ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല. എന്നിരുന്നാലും 2017-18 ൽ ആകെ റവന്യൂ വരുമാനത്തിൽ മാത്രം ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 10565 കോടി രൂപയുടെയും 2018-19 ൽ 9947 കോടി രൂപയുടെയും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. നോട്ട് നിരോധനം പോലെയുള്ള പരിഷ്കാരങ്ങൾ സൃഷ്ടിച്ച വരുമാന നഷ്ടം നികത്തുന്നതിനോ ലഘൂകരിക്കുന്നതിനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. സർക്കാരിന്റെ അംഗീകൃത വായ്പാപരിധി ഉയർത്തി നൽകുവാൻ പോലും അനുവദിച്ചിട്ടില്ല. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് |

| | | |
|---|---|---|
| | നഷ്ടപരിഹാര ഇനത്തിൽ ഇനിയും തുക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മാത്രം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ